## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.886 11.03.2015-ൽ മറുപടിയ്ക്ക്

## കൊടൂർക്കോണം കുളത്തിലേയ്ക്ക് മാലിന്യം തുറന്നു വിട്ടവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ശിവൻകുട്ടി:** | | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കൊടൂർക്കോണം കുളത്തിലേക്ക് ചില സ്വകാര്യ വ്യക്തികൾ കക്കൂസ് മാലിന്യം തുറന്ന് വിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തികളുടെ പേര്, മേൽവിലാസം, എന്നിവ ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തികളുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആയതു നിർത്തലാക്കുന്നതിനു വേണ്ടിയും പ്രസ്തുത ക്രിമിനൽ കുറ്റം ചെയ്യുന്ന വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ എട്ട് വ്യക്തികൾക്കും, മാലിന്യ നിക്ഷേപ പൈപ്പുകൾ നീക്കം ചെയ്യാനായി അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം എം.ഐ.റ്റി 20/2010 തീയതി 27/03/2014-ൽ കത്ത് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.ദിനേഷ്, ശ്രീ.രാജപ്പൻ, ശ്രീമതി.സുധ എന്നീ മൂന്നു പേർ കത്ത് കൈപ്പറ്റാതെ ആയത് തിരികെ വരികയും ചെയ്തു. ജലസേചന വകുപ്പ് ഇവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ആക്ട് പ്രകാരം കുളത്തിന്റെ ഉടമ തിരുവനന്തപുരം കോർപ്പറേഷൻ . ആയതിനാൽ പൊതുസ്ഥലത്ത് മാലിന്യം വിടുന്നത് സംബന്ധിച്ച് എല്ലാ നിയമനടപടിയും ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ശ്രീമതി.സതികുമാരി, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
2. ശ്രീമതി.ബെത്സമ്മ, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
3. ശ്രീ.രാജപ്പൻ, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
4. ശ്രീമതി.ചന്ദ്രിക, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
5. ശ്രീ.ദിനേഷ്, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
6. ശ്രീ.സൈമൺ,കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
7. ശ്രീമതി.സുധ, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം
8. ശ്രീമതി.രമണി, കുളത്തുംകര വീട്, എം.എസ്.പി നഗർ, തിരുമല പി.ഒ, തിരുവനന്തപുരം

സെക്ഷൻ ഓഫീസർ